# കേരള സർക്കാർ

## വിദ്യാഭ്യാസ വകുപ്പ്

# എ.എച്ച്.എസ്.എൽ.സി സേ പരീക്ഷ

## മേയ് – 2018

# വിജ്ഞാപനം


പരീക്ഷാകമ്മീഷണറുടെ കാര്യാലയം

പരീക്ഷാഭവൻ, പൂജപ്പുര

തിരുവനന്തപുരം –12

നമ്പർ. സി.ജനറൽ (4)/17027/2018/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ
കാര്യാലയം, പരീക്ഷാ ഭവൻ,
പൂജപ്പുര, തിരുവനന്തപുരം-12
തീയതി : 07.05.2018

# വിജ്ഞാപനം

വിഷയം:- എ.എച്ച്.എസ്.എൽ.സി. സേവ് എ ഇയർ (സേ) പരീക്ഷ മേയ് 2018- സംബന്ധിച്ച്.

സൂചന:- 04-11-2017-ലെ സി.ജനറൽ4-44360/2017-ാം നമ്പർ വിജ്ഞാപനം

2018 മാർച്ചിലെ എ.എച്ച്.എസ്.എൽ.സി പരീക്ഷ എഴുതിയ റഗുലർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ പരമാവധി രണ്ടു പേപ്പറുകൾക്ക് കുറഞ്ഞത് ഡി+ ഗ്രേഡ് എങ്കിലും ലഭിക്കാത്തതിനാൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്ക് വേണ്ടി മാത്രമായി സേവ് എ ഇയർ (സേ) പരീക്ഷ 2018 മെയ് 23 ബുധനാഴ്ച ചെറുതുരുത്തി കലാമണ്ഡലം ആർട്ട് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തുന്നതാണ്. മാതൃകാ അപേക്ഷാഫാറവും ടൈംടേബിളും അനുബന്ധമായി ചേർത്തിട്ടുണ്ട്. പരീക്ഷയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. 2018 മാർച്ചിൽ റഗുലറായി എ.എച്ച്.എസ്.എൽ.സി. പരീക്ഷ എഴുതിയവർക്ക് മാത്രമേ 'സേ' പരീക്ഷയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.
2. പരീക്ഷയിൽ പരമാവധി രണ്ടു പേപ്പറുകൾക്കു കുറഞ്ഞത് ഡി+ ഗ്രേഡ് എങ്കിലും ലഭിക്കാത്തതിനാൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്ക് മാത്രമേ 'സേ' പരീക്ഷ എഴുതാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.
3. പ്രസ്തുത പരീക്ഷയിൽ 2 പേപ്പറുകൾക്ക് ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ഹാജരാകുവാൻ സാധിക്കാതെവന്ന റഗുലർ വിദ്യാർത്ഥികൾക്കും 'സേ' പരീക്ഷ എഴുതാവുന്നതാണ്.
4. കൂടാതെ 2018 മാർച്ചിലെ എ.എച്ച്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്/മാതാവ്/സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് രണ്ടിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ / അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
5. 'സേ' പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം അനുവദിക്കുന്നതല്ല.
6. 'സേ' പരീക്ഷയ്ക്ക് ഒരു വിഷയത്തിന് **100 രൂപ** നിരക്കിൽ **ഫീസ്** ഈടാക്കുന്നതാണ്.

7. പുനർമൂല്യനിർണ്ണയത്തിനും അതോടൊപ്പം 'സേ' പരീക്ഷയ്ക്കും അപേക്ഷിച്ചവരിലാരെങ്കിലും പുനർമൂല്യനിർണ്ണയത്തിൽ ഉപരിപഠനത്തിനർഹത നേടിയതായിക്കണ്ടാൽ 'സേ' പരീക്ഷാഫലം പരിഗണിക്കുന്നതല്ല.
8. **എഴുത്തു പരീക്ഷയിൽ മാത്രമേ സേ** എഴുതുവാൻ കഴിയുകയുള്ളൂ.
9. 2018 മാർച്ചിലെ എ.എച്ച്.എസ്.എൽ.സി. പരീക്ഷാ ഫലത്തിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ട് ഉപയോഗിച്ച് അപേക്ഷ നൽകാവുന്നതാണ്.
10. എ.എച്ച്.എസ്.എൽ.സി. ഐ.റ്റി പരീക്ഷയിൽ തിയറിയും പ്രാക്ടിക്കലും ചേർത്തായിരിക്കും 'സേ' പരീക്ഷ നടത്തുന്നത്.

## 2018-ലെ എ.എച്ച്.എസ്.എൽ.സി സേ പരീക്ഷാതീയതിയും സമയവും

| തീയതി | സമയം | വിഷയം |
|---|---|---|
| 23/05/2018 | രാവിലെ 10.00 മുതൽ 12.15 വരെ | സംസ്കൃതം |
| | ഉച്ചയ്ക്ക് 01.45 മുതൽ 04.00 വരെ | ലിറ്ററേച്ചർ |

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. അംഗീകരിച്ചിട്ടുള്ള ഇൻഡ്യൻ ഔദ്യോഗിക സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ്.
2. പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിയുടെ നിർദ്ദേശം ഇല്ലാതെ യാതൊരു കാരണവശാലും പരീക്ഷ മാറ്റിവയ്ക്കുവാൻ പാടുള്ളതല്ല.
3. പരീക്ഷാ സമയവിവരപട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി മുകളിൽ പരാമർശിച്ച സമയവിവരപട്ടിക കർശനമായും പാലിക്കേണ്ടതാണ്.
4. പരീക്ഷയുടെ ആരംഭത്തിലെ 15 മിനിറ്റ് ആശ്വാസ സമയമായിരിക്കും (Cool off Time). ഈ സമയത്ത് യാതൊരു കാരണവശാലും വിദ്യാർത്ഥികൾ ഉത്തരക്കടലാസിൽ ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.

### അപേക്ഷകളുടെ രജിസ്ട്രേഷൻ

അനുബന്ധം ''എ'' ആയി ചേർത്തിരിക്കുന്ന അപേക്ഷാഫോറമാണ് 'സേ' പരീക്ഷയുടെ രജിസ്ട്രേഷനായി പരീക്ഷാകേന്ദ്രത്തിൽ പൂരിപ്പിച്ച് നൽകേണ്ടത്.

### പരീക്ഷാഫീസ്

'സേ' പരീക്ഷ എഴുതുന്നതിന് അപേക്ഷയോടൊപ്പം (അനുബന്ധം ''എ'') പേപ്പർ ഒന്നിന് **100/- രൂപ വീതം** പരീക്ഷ എഴുതുന്ന കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന്റെ പക്കൽ പണമായി നൽകേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം 2018 മാർച്ച് എ.എച്ച്.എസ്.എൽ.സി. റിസൾട്ടിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ടും നൽകേണ്ടതാണ്. ലഭിച്ച തുക

ചീഫ് സൂപ്രണ്ട് 0202-01-102-99 Examination Fee എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

പരീക്ഷാഫീസ് സ്വീകരിക്കുന്ന തീയതി 08-05-2018 മുതൽ 11-05-2018 1 മണി വരെ

പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തവരുടെ വിവരവും, വിഷയം തിരിച്ചുള്ള ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റും **11-05-2018 വൈകുന്നേരം 5 മണിക്ക് മുൻപായി** pareekshabhavancgl@gmail.com എന്ന അഡ്രസ്സിൽ ഇ-മെയിൽ ചെയ്യേണ്ടതാണ്. സേ പരീക്ഷ എഴുതാൻ അർഹതയുള്ളവരെ മാത്രമേ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യിക്കാവൂ. അർഹതയുള്ള വിഷയങ്ങൾക്ക് മാത്രമാണ് പരീക്ഷാർത്ഥി അപേക്ഷിക്കുന്നതെന്ന് ചീഫ് സൂപ്രണ്ട് ഉറപ്പുവരുത്തേണ്ടതാണ്.

**<u>പരീക്ഷാ കേന്ദ്രം</u>**

കേരള കലാമണ്ഡലം ആർട്ട് എച്ച്.എസ് ചെറുതുരുത്തി, വള്ളത്തോൾ നഗർ, തൃശ്ശൂർ- 678 531.

കേരള കലാമണ്ഡലം ആർട്ട് എച്ച്.എസ്, ചെറുതുരുത്തി സ്കൂളിലെ പ്രിൻസിപ്പാൾ പരീക്ഷാ നടത്തിപ്പിന്റെ ചുമതലയുള്ള ചീഫ് സൂപ്രണ്ടായിരിക്കും.

**<u>ഹാൾടിക്കറ്റ്</u>**

പരീക്ഷാർത്ഥികളുടെ ഫോട്ടോപതിച്ച അഡ്മിഷൻ ടിക്കറ്റ് പരീക്ഷ ആരംഭിക്കുന്നതിന് മൂന്നു ദിവസം മുമ്പെങ്കിലും ചീഫ് സൂപ്രണ്ട് വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ് (അനുബന്ധം - സി). 2018 മാർച്ചിൽ പരീക്ഷാർത്ഥികൾക്ക് നൽകിയ രജിസ്റ്റർ നമ്പർ തന്നെയാണ് 'സേ' പരീക്ഷയുടെയും രജിസ്റ്റർ നമ്പർ.

**<u>സർട്ടിഫിക്കറ്റ്</u>**

'സേ' പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് മാർച്ച് 2018-ലെ സർട്ടിഫിക്കറ്റിന് പകരം ഗ്രേഡ് രേഖപ്പെടുത്തിയ പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. പഴയ സർട്ടിഫിക്കറ്റുകൾ പരീക്ഷാകേന്ദ്രത്തിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്. ഫലം പ്രസിദ്ധപ്പെടുത്തി മൂന്നു മാസത്തിനകം 'സേ' പരീക്ഷാ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുന്നില്ലെങ്കിൽ ആയത് പരീക്ഷാഭവൻ സെക്രട്ടറിയുടെ പേർക്ക് തിരികെ രജിസ്റ്റേർഡായി അയയ്ക്കേണ്ടതാണ്. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ നൽകിയിരിക്കുന്ന കാര്യങ്ങൾ ബന്ധപ്പെട്ടവർ കൃത്യമായി പാലിക്കേണ്ടതാണ്.

**ലാൽ.കെ.ഐ**
**സെക്രട്ടറി**

## അനുബന്ധം – എ

## എ.എച്ച്.എസ്.എൽ.സി. സേവ് എ ഇയർ ('സേ') പരീക്ഷ മേയ് 2018

## അപേക്ഷാഫാറം

1. സേ പരീക്ഷാകേന്ദ്രത്തിന്റെ പേര് : കലാമണ്ഡലം ആർട്ട് എച്ച്.എസ്.എസ്.ചെറുതുരുത്തി
2. (എ) പരീക്ഷാകേന്ദ്രത്തിന്റെ പേരും സ്ഥലവും :
   (ബി) ജനനതീയതി :
3. 2018 മാർച്ചിലെ പരീക്ഷയ്ക്ക് ലഭിച്ച രജിസ്റ്റർ നമ്പർ:
4. പരീക്ഷയ്ക്ക് എഴുതുന്ന പേപ്പറുകൾ
   (ഡി+ ഗ്രേഡിന് താഴെ ലഭിച്ച 2 പേപ്പറുകൾ) :

| ക്രമ നമ്പർ | പരീക്ഷ എഴുതുന്ന വിഷയത്തിന്റെ പേര് | ലഭിച്ച ഗ്രേഡ് (03/2018) |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

*** 2018 മാർച്ചിലെ എ.എച്ച്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം ഗുരുതരമായ രോഗം പിതാവ്/മാതാവ്/സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് രണ്ടിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ / അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

5. അടയ്ക്കുന്ന ഫീസ് : രൂപ
6. പൂർണ്ണമായ മേൽ വിലാസവും ഫോൺ നമ്പരും :

മേൽ പ്രസ്താവിച്ച വസ്തുതകൾ സത്യമാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി : പരീക്ഷാർത്ഥിയുടെ ഒപ്പ്

**ANNEXURE-C**

# ART HIGH SCHOOL LEAVING CERTIFICATE EXAMINATION
## SAVE A YEAR EXAMINATION MAY 2018 ADMISSTION TICKET

PHOTO

Register Number of Candidate :

Name in Block Letters :

Name of Examination Centre :

Name of Parent/Guardian :

Full Address :

Signature of Chief Superintendent
(To be signed on the Photograph)

Signature of Candidate :

Date of issue of admission ticket :

Signature of Chief Superintendent

(School Seal)

---

## Instructions to candidates

പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. പരീക്ഷാർത്ഥികൾ എഴുത്ത് പരീക്ഷയ്ക്ക് ഹാജരാകുമ്പോൾ അഡ്മിഷൻടിക്കറ്റ് അവരവരുടെ കൈവശം ഉണ്ടായിരിക്കേണ്ടതാണ്.

   Candidates must have their admission tickets with them when they are attending the written examinations.

2. ഉത്തരക്കടലാസിന്റെ മുൻവശത്തുള്ള ഷീറ്റിൽ പരീക്ഷയുടെ പേര് (AHSLC) വർഷം, മാസം, രജിസ്റ്റർ നമ്പർ വിഷയത്തിന്റെ പേര് എന്നിവ മാത്രം എഴുതേണ്ടതാണ്.

   They must write the name of examination A.H.S.LC, the year and month of exam, register number and subject only on the facing sheet of the answer book.

3. നിശ്ചിത സമയം കഴിഞ്ഞ് 30 മിനിട്ടിലധികം താമസിച്ചു വരുന്നവരെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

   Candidates who arrives more than 30 minutes late in the examination hall will not be admitted to write the examination.

4. ഗ്രാഫ് പേപ്പറോ, ഡ്രായിംഗ് പേപ്പറോ തന്നാൽ അതിൽ രജിസ്റ്റർ നമ്പർ എഴുതി ഉത്തരക്കടലാസിൽ ഭദ്രമായി തുന്നിച്ചേർക്കണം. കൂടുതലായി ഉപയോഗിക്കുന്ന ഓരോ ഷീറ്റിലും മുകൾഭാഗത്ത് രജിസ്റ്റർ നമ്പർ എഴുതിയിരിക്കണം. കൂടാതെ ഉപയോഗിച്ചിട്ടുള്ള ആകെ ഷീറ്റുകളുടെ എണ്ണം ഉത്തരക്കടലാസിന്റെ ആദ്യപേജിൽ മുകളിൽ എഴുതേണ്ടതാണ്.

If graph paper, drawing paper etc. are supplied, they must securely be attached to the answer book with the Candidate's register number duly entered on them. The register number should be written towards the top of every additional sheets used. The total number of additional sheets used should also be noted on the top of the facing sheets of the answer book.

5. ഒരു പേപ്പർ എഴുതുന്നതിന് ഒരേ തരം മഷി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

Candidates should use the same ink through out the session.

6. ചീഫ് സൂപ്രണ്ട് തരുന്ന അഡ്മിഷൻ ടിക്കറ്റ് നല്ലവണ്ണം പരിശോധിക്കേണ്ടതും അതിൽ വല്ല തെറ്റുകളും ഉണ്ടെങ്കിൽ അതിനെ അവിടെ വച്ചുതന്നെ തിരുത്തി വാങ്ങേണ്ടതാണ്.

Candidates should scrutinize the entries made in their admission tickets issued by the Chief Superintendent and point out mistakes, if any, then and get them rectified.

7. പരീക്ഷാഹാളിൽ ഏതെങ്കിലും ക്രമക്കേടുകൾ (പുസ്തകങ്ങളോ, നോട്ടുബുക്കുകളോ മറ്റു കടലാസ്സുകഷണങ്ങളോ പരീക്ഷാ ഹാളിൽ കൊണ്ടുപോകുക, അവ നോക്കി എഴുതുക, അഡ്മിഷൻ ടിക്കറ്റ്, വസ്ത്രം, ഉപകരണങ്ങൾ, ഭിത്തി, ശരീരത്തിന്റെ ഏതെങ്കിലും ഭാഗങ്ങൾ മുതലായവയിൽ ഏതെങ്കിലും എഴുതി കൊണ്ടുപോകുക, മൊബൈൽ ഫോൺ ഉപയോഗിക്കുക) കാണിക്കുന്നവരുടെ പേരിൽ കർശനമായി ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

Malpractices or attempt to malpractice or even taking any manuscripts to the examination hall or writing anything on the instruments boxes, cloth or admission tickets and writing on wall or on any part of the body, using mobile phones etc will be considered as malpractices and the candidates who resort to such practice will be dealt with severely.

8. ചോദ്യക്കടലാസ് കിട്ടിയാലുടനെ അവരവരുടെ രജിസ്റ്റർ നമ്പറുകൾ അതിന്റെ മുകളിൽ എഴുതി ഒപ്പ് വയ്ക്കേണ്ടതാണ്. പരീക്ഷാ സമയം കഴിയുന്നതിന് മുൻപ് ഇറങ്ങുന്നവർ ചോദ്യക്കടലാസുകൾ അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കേണ്ടതാണ്.

Immediately on receipt of question paper, candidates should write their register numbers on the top (with signature). Those who leave the examination hall earlier should submit the question papers to the Assistant Superintendent.

9. സ്കൂൾ പരിസരങ്ങളിൽ വെച്ചുള്ള എല്ലാ ക്രമരഹിതമായ പെരുമാറ്റങ്ങളും പരീക്ഷാസംബന്ധമായ ക്രമക്കേടുകളും കാണിക്കുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

Any strong misbehavior inside the examination room or within the school premises will be treated as Malpractice and strong action will be taken on the basis of reports received from Chief Superintendent.

10. പരീക്ഷ സംബന്ധിച്ച് ചുമതലകളിൽ ഏർപ്പെടുന്ന സൂപ്രണ്ടുമാർ മുതലായവരെ ഭീഷണിപ്പെടുത്തുക, കയ്യേറ്റം ചെയ്യുക, മഷി കുടയുക, അസഭ്യം പറയുക, മറ്റേതെങ്കിലും വിധത്തിൽ അവരോട് സ്കൂൾ പരിസരങ്ങളിൽ വെച്ചോ പുറത്തുവച്ചോ അപമര്യാദയായി പെരുമാറുക മുതലായവയെ സംബന്ധിച്ച് ലഭിക്കുന്ന റിപ്പോർട്ടുകളിൻമേൽ ഉചിതമായ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

Stringent action will be taken on reports of intimidation, assault, use of abusive language, sprinkling of ink or indecent behavior inside or outside the school premises, towards those engaged in examination duty.

## 2018-ലെ എ.എച്ച്.എസ്.എൽ.സി 'സേ' പരീക്ഷാ തീയതിയും സമയവും

| തീയതി | സമയവും | വിഷയം |
|---|---|---|
| 23-05-2018 | രാവിലെ 10.00 മുതൽ 12.15 വരെ | സംസ്കൃതം |
| | ഉച്ചയ്ക്കുശേഷം 01.45 മുതൽ 04.00 വരെ | ലിറ്ററേച്ചർ |